**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3850** **03-03-2023 - ൽ മറുപടിയ്ക്ക്**

**കാലവർഷക്കെടുതിയിൽ തകർന്ന റോഡ് നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാലവർഷക്കെടുതിയിൽ തകർന്ന റോഡുകൾ നവീകരിക്കുന്നതിന് സർക്കാർ ഭരണാനുമതി ലഭ്യമാക്കിയതിനുശേഷവും പ്രവൃത്തി ടെൻഡർ ചെയ്യണമെങ്കിൽ അതാത് ജില്ലാ കളക്ടർമാരുടെ പുതിയ ഉത്തരവ് ലഭ്യമാക്കണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്,SDRF മാനദണ്ഡങ്ങൾ പ്രകാരം പ്രവൃത്തി അനുവദനീയമാണോ, തുടങ്ങിയ വിശദാംശങ്ങൾ പരിശോധിച്ച് കളക്ടർമാർ നിർവ്വഹണാനുമതിയാണ് നൽകുന്നത്. |
| (ബി) | ഭരണാനുമതിക്ക് ശേഷവും ജില്ലാ കളക്ടറേറ്റിൽ നിന്നും പുതിയ ഉത്തരവ് ലഭ്യമാക്കുന്നതിൽ വരുന്ന കാലതാമസം പ്രവൃത്തികളുടെ നിർവ്വഹണത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നിർവ്വഹണാനുമതി ലഭിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടർമാർ അനുമതി നൽകി വരുന്നുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയതിനുശേഷം കളക്ടറുടെ പുതിയ ഉത്തരവ് വേണമെന്ന നിബന്ധന ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ